DESPATCHED
On..08/06/2020

29/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1028(4)/2013/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.6774/SIC-Gen 2/2013**

സന്നിഹിതൻ

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ഫിറോസ് ബാബു ടി.കെ.,
9 കേരള നേവൽ യൂണിറ്റ് എൻ.സി.സി.,
എൻ.സി.സി കോംപ്ലക്സ്,
വെസ്റ്റ് ഹിൽ, കോഴിക്കോട് – 5. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   9 കേരള നേവൽ യൂണിറ്റ് എൻ.സി.സി.,
   എൻ.സി.സി കോംപ്ലക്സ്,
   വെസ്റ്റ് ഹിൽ, കോഴിക്കോട് – 5.

2. അപ്പീൽ അധികാരി,
   എൻ.സി.സി ഡയറക്ടറേറ്റ്,
   (കേരളവും ലക്ഷദ്വീപും),
   സംസ്ഥാന വിഭാഗം,
   തിരുവനന്തപുരം – 29.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 9 കേരളാ നേവൽ യൂണിറ്റ് NCCയിലെ എസ്.പി.ഐ.ഒ.യ്ക്ക് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണു പരാതി.

2. ഇതുമായി ബന്ധപ്പെട്ട് ഒന്നാം എതിർകക്ഷി കമ്മീഷനു സമർപ്പിച്ച റിപ്പോർട്ടിൽ, 'അപ്പീൽ അധികാരിയെക്കുറിച്ച് പരാമർശിക്കുന്നതിൽ ഒന്നും മറച്ചുവച്ചിട്ടില്ലെന്നും, ഓഫീസിന്റെ മേൽഘടമായ കോഴിക്കോട് NCC ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സിന്റെ 2008 ഒക്ടോബർ 29ലെ രേഖാമൂലമുള്ള അറിയിപ്പു പ്രകാരമാണ് ഒന്നാം അപ്പീൽ അധികാരിയായി യൂണിറ്റിന്റെ കമാൻഡിങ് ഓഫീസറുടെ പേര് എഴുതി വച്ചതെന്നും, മലയാളികളല്ലാത്ത സൈനിക ഓഫീസർ മാത്രം കമാൻഡിങ് ഓഫീസറായി നിയമിതരാകാറുണ്ടെന്നും, അതിനാൽ അവരുടെ നിർദ്ദേശപ്രകാരം യൂണിറ്റിലെ ജൂനിയർ സൂപ്രണ്ടുമാരെ SPIO ആയും, കമാൻഡിങ് ഓഫീസർ അപ്പീലധികാരിയായും പ്രവർത്തിച്ചു വരികയായിരുന്നു എന്നും പറഞ്ഞു.

3. അതിനുശേഷം 2010 ആഗസ്റ്റ് 9ന് NCC ഡയറക്ടറേറ്റ് 507/P2-Pub/2010/NCC എന്ന സൂചന പ്രകാരം ഒന്നാം അപ്പീലധികാരിയായി അതാത് ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിലെ മാനേജർമാരെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചതായി മനസ്സിലാക്കാൻ കഴിഞ്ഞുവെന്നും, പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഓഫീസിൽ ലഭ്യമല്ലാത്തതിനാലാണ് ഒന്നാം അപ്പീലധികാരിയായി കമാൻഡിങ് ഓഫീസറുടെ പേരെഴുതിയതെന്നും, ഓഫീസിന്റെ പ്രവേശന കവാടത്തിൽ സ്ഥാപിച്ച ബോർഡിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ തുടർന്നു പറയുന്നു.' ഈ റിപ്പോർട്ടിന്റെ പകർപ്പ് അപ്പീൽ ഹർജിക്കാരനും അയച്ചു കൊടുത്തിട്ടുള്ളതായും റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

4. ഈ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ കൊണ്ട് അപ്പീൽ ഹർജിക്കാരൻ തൃപ്തനല്ലാത്ത പക്ഷം ടിയാന് കമ്മീഷനെ അറിയിക്കാവുന്നതും, അത് പരാതി ഹർജിയായി പരിഗണിച്ച് കമ്മീഷൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 29–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

gk.